# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജി എൽ പി എസ് കുഴിമണ്ണ

**2025-26**

# PROFILE

Name Of School : G.L.P.S kuzhimanna

Name of Village : kuzhimanna

Name of Cluster : kizhisseri

Name of Panchayath : kuzhimanna

Name of Block : Areacode

Phone Number : 0483 275 7010

Name of District : Malappuram

Name of Head Mistress : Sarojini

Phone Number : 9746531012

E-mail ID : glpskuzhimanna@gmail.com

School Code Number : 18205

അധ്യാപകർ - നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| | 11 | 8 | 6 | 5 |

ആമുഖം

1954 ൽ ആണ് കുഴിമണ്ണ ജി. എൽ. പി സ്കൂൾ സ്ഥാപിതമായത്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്നു അന്ന് ഈ പ്രദേശം. പ്രാഥമിക വിദ്യാഭ്യാസം നേടാൻ കിഴിശ്ശേരി വരെ പോകേണ്ടതിൽ കൊണ്ട് പ്രദേശത്തുകാർക്ക് പ്രാഥമിക വിദ്യാഭ്യാസം പ്രാപ്യം ലഭിച്ചിരുന്നില്ല. സ്ഥലത്തെ പ്രമുഖ വ്യക്തിയായിരുന്ന ജനാബ് കാരുതൊടൻ ആലിക്കുട്ടിഹാജി മുന്നോട്ടിറങ്ങി സ്വന്തം സ്ഥലത്ത് സ്കൂൾ തുടങ്ങുകയായിരുന്നു. സ്കൂളിന് മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗീകാരം നൽകുകയും ജി. എൽ. പി. സ്കൂൾ കുഴിമണ്ണ എന്ന് നാമകരണം ചെയ്ത് ഗവൺമെന്റ് ഏറ്റെടുക്കുകയായിരുന്നു. അന്നു മുതൽ കുഴിയംപറമ്പ് പ്രദേശത്തെ പിഞ്ചുപൈതങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നു നൽകുന്ന സ്ഥാപനമാണ് ഈ വിദ്യാലയം.

ഇന്ന് ഈ വിദ്യാലയത്തിൽ പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെ — കുട്ടികൾ പഠിക്കുന്നു. പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം. ലക്ഷ്യ പ്രാപ്തിക്കായി അധ്യാപകരും രക്ഷാകർതൃ സമിതിയും നാട്ടുകാരും

ഇവിടെ പ്രവർത്തകരും ഒരുമയോടെ പ്രവർത്തിക്കുന്നു. സ്കൂളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ കൂട്ടായ ശ്രമം മൂലം കഴിയുന്നുണ്ട്. പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടെത്തിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഓരോ വർഷവും വിജയം കാണുന്നുണ്ട്. പിന്നോക്കക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തി കുട്ടികളുടെ പഠനത്തിൽ സഹായിക്കാൻ അവരെ പ്രാപ്തരാക്കുന്നു. സാധാരണക്കാരായ രക്ഷിതാക്കളുടെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.

കലാകായിക പ്രവൃത്തി പരിചയമേഖലകളിൽ ഉന്നതവിജയം നേടാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് പുതിയ പാഠ്യപദ്ധതിയും പുതിയ സമീപനവും വളരെയധികം സഹായകരമാണ് പുസ്തകത്തിന്റെ ഉള്ളടക്കം പുതിയ പുസ്തകത്തിൽ കൂടുതലാണെങ്കിലും അതെല്ലാം സമയത്ത് തന്നെ പൂർത്തീകരിച്ച് കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടയ്ക്കിടെയുണ്ടാകുന്ന ഇന്റർ പരിശീലനത്തിലും എല്ലാ അധ്യാപകരും മുടങ്ങാതെ പങ്കെടുത്ത് നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പഠന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ വികസനപദ്ധതി രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അക്കാദമിക - അക്കാദമികേതര രംഗത്ത് മികച്ചൊരു വിദ്യാലയം പടുത്തുയർത്തുന്നതിനാണ് ലക്ഷ്യം വെക്കുന്നത്. അതിനുവേണ്ടിയുള്ള സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് മുന്നോട്ട് വെക്കുന്നത്

## നമ്മുടെ വിദ്യാലയം മികവിലേക്ക്

## ലക്ഷ്യങ്ങൾ

* സ്കൂളിൽ പഠനത്തിനെത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പു വരുത്തൽ
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുന്നതും.
* എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
* ശാസ്ത്ര പഠനത്തിൽ താൽപര്യമുണർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കും.
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തും. സർഗ്ഗാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കും.
* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.
* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തും.

* വിദ്യാലയങ്ങളിലെ പ്രത്യേക പരിഗണന അർ
ഹിക്കുന്ന കുട്ടികൾക്കായുള്ള അനുരൂപീകരണ
പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പാക്കും.

* സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം
എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തും

* അക്കാദമിക മികവ് ഉയർത്തിപ്പിടിക്കാൻ സഹായി-
ക്കുന്ന വിധം പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കും

* പ്രീ. സ്കൂൾ മുതൽ 4-ാം ക്ലാസ് വരെ ഭാഷാ
ക്ലാസിലും ഭാഷാ വിഷയത്തിലും ഊന്നിക്കൊണ്ടുള്ള
പ്രവർത്തനങ്ങളും സമയക്രമവും രൂപീകരിക്കൽ

* പഠന പ്രവർത്തനങ്ങൾ ലളിതവും സർഗാത്മ-
കവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി
നടപ്പാക്കൽ.

# സ്കൂൾ നിലവിലെ അവസ്ഥ

3 ഏക്കറിൽ കിഴിശ്ശേരി പ്രധാന റോഡിന്റെ മുൻവശത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ പ്രീ പ്രൈമറി ക്ലാസ്സുകളിലായി 120 ഓളം കുട്ടികളും. 1 മുതൽ 4 വരെ ക്ലാസുകളിൽ 250 ഓളം കുട്ടികളും പഠിക്കുന്നു.

പ്രീപ്രൈമറിയിലെ 4 ക്ലാസുകളും പി.കെ.ആർ കെട്ടിടത്തിലെ വെളിച്ചം കുറഞ്ഞ 60 വർഷം ചിതലിട്ട കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

## നിലവിലെ നേട്ടങ്ങൾ

11 ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടം വിവിധ സർക്കാർ വിദ്യാഭ്യാസ ഏജൻസികൾ സഹായത്തോടെ (എം.എൽ.എ. ഫണ്ട് 3 ക്ലാസ് റൂമുകൾ, എസ്.എസ്.എ പഞ്ചായത്ത് ഫണ്ടിൽ നിന്നും 2 ക്ലാസ് റൂമുകൾ ലഭ്യമായതിനാൽ വളരെ മികച്ച രീതിയിൽ നടക്കുന്നു. ജൈവവൈവിധ്യ പാർക്കും ഒരുക്കിയിട്ടുണ്ട്.

## പരിമിതികൾ

ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവയ്ക്ക് സ്വന്തം റൂമുകളില്ല. രക്ഷിതാക്കൾക്കും മറ്റും ഒരുമിച്ച് യോഗങ്ങൾ കൂടാനും മറ്റും ഓഡിറ്റോറിയം നിലവിലില്ല.

## അക്കാദമിക നേട്ടങ്ങൾ

* സ്കൂളിൽ വരുന്ന എല്ലാ കുട്ടികൾക്കും വായനയിലൂടെയും എഴുത്തിലൂടെയും മികവുകൾ ആർജ്ജിക്കാൻ കഴിയണം. എല്ലാ വിഷയങ്ങളിലും വ്യത്യസ്ത സമയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം പ്രയോജനപ്പെടുത്തുന്നു.
* കമ്പ്യൂട്ടർ സാക്ഷരത ഉറപ്പ് വരുത്തുക.
* ക്ലാസ് ലൈബ്രറി പ്രവർത്തനം ഊർജ്ജിതമാക്കണം.
* LSS ~~[illegible]~~ സ്കോളർഷിപ്പ് പരീക്ഷ മികച്ച കോച്ചിംഗ്.

## പരിമിതികൾ

* അക്കാദമിക രംഗത്ത് ഇനിയും അഭിവൃദ്ധി ആവശ്യമാണ്. ഇംഗ്ലീഷ് ഭാഷ പോഷണത്തിൽ പരിപാടികൾ ആവിഷ്കരിക്കുന്നു. ഗണിതം മധുരതരമായിട്ടും പ്രായോഗികമായും അവതരിപ്പിക്കുന്നതിന് അവസരങ്ങൾ ഒരുക്കേണ്ടതുണ്ട്.
* ലാബ്, ലൈബ്രറി എന്നിവയുടെ വിപുലീകരിക്കണം. കെട്ടിടങ്ങൾ വയറിംഗ് ചെയ്ത് മനോഹരമാക്കൽ തുടങ്ങിയ നാം മുന്നോട്ട് നടപ്പാക്കേണ്ടതുണ്ട്.

# Malayalam

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്നും എഴുതുന്നുവെന്നും ഉറപ്പാക്കുന്നു. (വായനാക്കൂട്ടം: എഴുത്തുകൂട്ടം)

2. എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിലും അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനും ശേഷി നേടി എന്നുറപ്പാക്കുക.

3. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുന്നു.

4. സർഗാത്മക രചനകളുടെ അവസരം സൃഷ്ടിക്കുന്നു.

5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുന്നു.

6. ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | സമയം | ചുമതല |
|---|---|---|---|---|
| പ്രവേശനോത്സവം | • സ്കൂൾ അലങ്കരിക്കൽ<br>• മധുര വിതരണം | 1 - 4 | | PTA<br>SMC |
| അക്ഷരപഠനം | • ചിത്ര വായനയാൽ മലയാള അക്ഷരങ്ങൾ ചിഹ്നങ്ങൾ അടയാളങ്ങൾ എന്നിവ ഉറപ്പിക്കുന്നു | 1 - 4 | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |
| വായനോത്സവം | • വായനാക്കൂടാരം തയ്യാറാക്കൽ<br>• പുസ്തക പരിചയം<br>• അമ്മ വായന<br>• എഴുത്തുകാരെ പരിചയപ്പെടൽ | 2 - 4<br>4<br>1<br>2 - 4 | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ | ക്ലാസ് ടീച്ചർ |
| ക്ലാസ് ലൈബ്രറി | • വായനാ പരിചയക്കുറിപ്പ്<br>• ജന്മദിനത്തിൽ പുസ്തകം ശേഖരിക്കൽ<br>• ഒരു കുട്ടിക്ക് ഒരു പുസ്തകം | 4<br>1 - 4 | ജൂൺ | ക്ലാസ് ടീച്ചർ |
| ലഹരിക്കെതിരെ | • ബോധവൽക്കരണ ക്ലാസ് | 2 - 4 | ജൂൺ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ആരോഗ്യ ശുചിത്വം | • പോഷകാഹാരം<br>• കുട്ടികളുടെ ആരോഗ്യ ബോധം വളർത്തുന്നു. യോഗ വ്യായാമം, വിസരം, എഴുത്ത് | 1 - 2<br>3 - 4 | നവംബർ<br>ജൂലൈ | ക്ലാസ് ടീച്ചർ |
| ഡയറി എഴുത്ത് | • സംയുക്ത ഡയറി | 1 - 2 | ജൂലൈ | ക്ലാസ് ടീച്ചർ |
| | • വിശേഷ ദിവസങ്ങളിൽ ഡയറി എഴുത്ത് | 3 - 4 | ജൂൺ | ക്ലാസ് ടീച്ചർ |
| പത്രവായന പത്രപ്രകാശനം | • സ്കൂൾ വാർത്താ ബുള്ളറ്റിൻ സ്കൂൾ റേഡിയോയിൽ അവതരിപ്പിക്കൽ<br>• മാസാവസാനം സ്കൂൾ തലത്തിൽ വാർത്തകൾ ശേഖരിച്ച് പത്ര നിർമ്മാണം. | 3-4 | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |
| മാഗസിൻ | വ്യക്തിഗത രചന സംഘരചന എന്നിവ ഉൾപ്പെടുത്തി സ്കൂൾ തല മാഗസിൻ തയ്യാറാക്കൽ | 1 - 4 | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |
| പഠനോത്സവം | വർഷാവസാനം പഠനപ്രവർത്തനങ്ങളിലെ മികച്ച ഉല്പന്നങ്ങൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കൽ | 1 - 4 | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |

# ശാസ്ത്രം

## ലക്ഷ്യങ്ങൾ

* ശാസ്ത്രാഭിരുചി, ആശ്ചര്യം, മനോഭാവം, ഇവയുടെ വികാസം, നിരീക്ഷണം, ഫീൽഡ്, ട്രിപ്പ്, അഭിമുഖം ഇവയിലൂടെ ഉറപ്പാക്കണം.
* ശാസ്ത്രപഠനം, കഥ, കവിത, നിർമ്മാണപ്രവർത്തനങ്ങളിലൂടെ ഹൃദ്യമാക്കുന്നതിന്
* നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ശാസ്ത്രപഠനം ഉറപ്പാക്കുന്നു.
* ശാസ്ത്രവുമായി ബന്ധപ്പെട്ട് ഉള്ള ദിനാചരണങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി നടത്തുന്നതിന്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| പരിസ്ഥിതി ദിനം | • കവിതാപാരായണം | 1 | ജൂൺ 5 മുതൽ | ക്ലാസ് ടീച്ചർ | |
| | • തൈ നടൽ | | | | |
| | • പോസ്റ്റർ നിർമ്മാണം | | | | |
| | • കുറിപ്പ് തയ്യാറാക്കൽ | 2 | | | |
| | • പ്രകൃതി നടത്തം | 3-4 | | | |
| | • പൂക്കൊട്ട, ചട്ട-ക്കാറ്റി നിർമ്മാണം | | | | |
| | • പരിസ്ഥിതി ക്വിസ് | | | | |
| | • ഔഷധത്തോട്ട-നിർമ്മാണം | | | | |

| | | | | | |
|---|---|---|---|---|---|
| ക്ലാസ് ശുചീകരണം | • ശുചീകരണം, പ്ലാസ്റ്റിക് മുക്ത ക്യാമ്പസ്<br>• ബോധവൽക്കരണം<br>• Health check list<br>• വിഡിയോ പ്രദർശനം<br>• പോസ്റ്റർ പതിക്കൽ. | 1 - 4 | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | 1000 SMC PTA |
| ദിനാചരണ-ങ്ങൾ | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളോട് ചേർന്ന് ബോധവൽക്കരണം, ചിത്ര-പ്രദർശനങ്ങൾ. മത്സരങ്ങൾ, ശാസ്ത്രവുമായി ബന്ധപ്പെട്ട ഡോക്യു-മെന്ററികൾ | 1 - 4 | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |
| റോഡ് സുരക്ഷ | • ബോധവൽക്കരണം<br>• ട്രാഫിക് നിയ-മങ്ങൾ | 1-4 | ജൂൺ | ക്ലാസ്ടീച്ചർ | |
| മേളകളിലൂടെ | കല, കായിക - പ്രവൃത്തി പരി-ചയ മേള<br>• സ്കൂൾ തലം<br>• സബ്ജില്ലാതലം | 1 - 4 | | | |

# ഗണിതം

## ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിതശേഷികൾ എല്ലാം കുട്ടികൾക്ക് ഉറപ്പാക്കുക. ഓരോ പ്രായത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുന്നു.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസങ്ങൾ ഗണിത പഠനത്തിന് പ്രയോജനപ്പെടുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | സമയം | ചുമതല |
|---|---|---|---|---|
| ക്ലബ്ബ് രൂപീകരണം | ഓരോ ക്ലാസിലെയും തെരഞ്ഞെടുത്ത കുട്ടികൾ അംഗങ്ങളായി വിദ്യാലയത്തിൽ ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. | 1 - 4 | ജൂൺ മുതൽ മാർച്ച് | Shainiba T T |
| ഗണിത കോർണർ | • മഞ്ചാടി സഞ്ചി<br>• ഗണിത കിറ്റ്<br>• ക്യാരറ്റ് ചെടി | 1<br>2<br>3,4 | ജൂൺ | ക്ലാസ് ടീച്ചർ |
| ഗണിത ശില്പശാല | • CPTA<br>• പഠനോപകരണ നിർമ്മാണ ശില്പശാല | 1 - 4 | | ക്ലാസ് ടീച്ചർ |
| ദിനാചരണങ്ങളിലൂടെ | • ക്വിസ്<br>• ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ | 3 - 4 | ഡിസംബർ | ഗണിത ക്ലബ്ബ് കൺവീനർ |

| | | | | |
|---|---|---|---|---|
| ഗെയിമുകളിലൂടെ | • പാഠഭാഗ-ത്തിനുമായി ബ-ന്ധപ്പെട്ട puzzle, Number chart, ഗുണനപട്ടികകൾ ചാർട്ട് മറ്റ ഗെയിമുകൾ, ക്വിസ് മത്സരങ്ങൾ | | | |
| ചിത്രങ്ങളിലൂടെ | • ക്ലോക്ക് ചിത്രങ്ങൾ<br>• ജ്യാമിതീയ രൂപങ്ങളുടെ ചിത്രങ്ങൾ<br>• ടാൻഗ്രാം | | | |

# ENGLISH

ലക്ഷ്യങ്ങൾ

* ഇംഗ്ലീഷിൽ നിരന്തരമായി ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിൽ ഉള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
* സ്വന്തമായ വായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക
* സ്വതന്ത്ര ലേഖനത്തിന് പ്രാപ്തരാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ ക്ലാസ് | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരന്തരമായി ഇംഗ്ലീഷ് സംസാരിക്കുന്നതിന് | അധ്യാപകരും കുട്ടികളും തമ്മിൽ ലഘു വാക്യങ്ങളിൽ ആശയവിനിമയം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |
| പൊതുവേദികളിൽ ഇംഗ്ലീഷ് സംസാരിക്കുന്നതിന് | • ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി<br>• നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകുന്നു | June-March | Class Teacher | |
| സ്വന്തമായ വായനയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നതിന് | • ചിത്രങ്ങളോടൊപ്പം ഇംഗ്ലീഷിൽ പദങ്ങൾ എഴുതുന്നു കാർഡിലൂടെ ഇംഗ്ലീഷ് പദങ്ങൾ വായിക്കുന്നതിന് അവസരമൊരുക്കുന്നു | ജൂൺ മുതൽ മാർച്ച് | Class Teacher | |

| | | | | | |
|---|---|---|---|---|---|
| | • ഒരു ദിനം ഒരു വാക്കും വാക്യവും • ടീച്ചർ ദിവസവും ഒരു പുതിയ പദം പരിചയപ്പെടുത്തുന്നു. • ഡിക്ഷണറി ഉപയോഗപ്പെടുത്തുന്നു | | | | |
| നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് | വിവിധ സ്ഥലങ്ങളിൽ (സ്കൂളിലെ) നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ എഴുതി ഒട്ടിക്കുന്നു. | | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| കൂടുതൽ ഇംഗ്ലീഷ് പദങ്ങൾ പരിചയപ്പെടുത്തുന്നതിന് | • ദിവസവും ഇംഗ്ലീഷ് ക്ലാസിൽ ഓരോ പദം വീതം ഓരോ കുട്ടിയും അവതരിപ്പിക്കുന്നു. • ഇംഗ്ലീഷ് ശില്പശാലകൾ സംഘടിപ്പിക്കുന്നു. | | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| കളികളിലൂടെ ഭാഷാ ശേഷി വികാസം | പദസമ്പത്ത് വർധിപ്പിക്കാനുതകുന്ന കളികൾ പദ ചങ്ങല, പദസൂര്യൻ അന്താക്ഷരി | | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | • പോസ്റ്റർ നിർമ്മാണം • ലഘു കഥകളും കവിതകളും നിർമ്മാണം • മൈമിംഗ് • സ്കിറ്റ് • [illegible] | | | | |

| | | | | | |
|---|---|---|---|---|---|
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക | • ചലന ചിത്രങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണം, വിവരണം തുടങ്ങിയവയ്ക്ക് ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തുന്നു • (വീഡിയോ ഷോ, ആഴ്ചയിലൊരിക്കൽ, ക്ലബ്ബ് രൂപീകരിച്ചും) | | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| കുട്ടികളുടെ സർഗശേഷി വികാസം | • ചിത്രരചന • വിവരണം • പോസ്റ്റർ | | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം | ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങളിൽ പ്രവർത്തനങ്ങൾ കുട്ടികൾ നടത്തുന്നു. | | ജൂൺ | | |

# കലാപരിശീലനം

## ലക്ഷ്യങ്ങൾ

- കുട്ടികളെ സർഗാത്മക കഴിവുകൾ കണ്ടെത്തൽ
- കലാഭിരുചി വളർത്തുക.
- ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കലാഭിരുചി കണ്ടെത്തൽ, പ്രോത്സാഹനം നൽകൽ | ഓരോ ക്ലാസ്സിലും പാഠാനുബന്ധമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികളുടെ കലാഭിരുചി കണ്ടെത്തൽ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>കലാമേള കൺവീനർ | |
| സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് അവസരം നൽകൽ | വിദ്യാലയത്തിൽ കലാമേള നടത്തുന്നു. മികച്ച കുട്ടികൾക്ക് സബ്ജില്ലാ കലാമേളയിൽ പങ്കെടുക്കാനവസരം നൽകുന്നു. വിദ്യാരംഗത്തിന്റെ കീഴിൽ പ്രശസ്തരായ വ്യക്തികളെ പങ്കെടുപ്പിച്ച് ശില്പശാലകൾ നടത്തുന്നു. വിദ്യാലയ വാർഷികത്തിന് കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു | ആഗസ്റ്റ് മുതൽ മാർച്ച് വരെ | വിദ്യാരംഗം കൺവീനർ<br>കലാമേള കൺവീനർ | |

# പ്രവൃത്തി പരിചയം

ലക്ഷ്യങ്ങൾ

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
- ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയ മേളയുടെ ബന്ധം ബോധിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമഗ്രി |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കൽ | വിദ്യാലയത്തിൽ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. ഇതിൽ ലോക്കൽ പി.ടി.എ, എസ്.ടി. ആയിരുന്ന പ്രവർത്തകരെ ഉൾക്കൊള്ളിച്ച് ക്ലാസ്സുകൾ നടത്തുന്നു | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>പ്രവൃത്തി പരിചയ മേള കൺവീനർ | |
| വിദ്യാലയ പ്രവൃത്തി പരിചയമേള | വിദ്യാലയത്തിൽ പ്രവൃത്തി പരിചയ മേളയിൽ താൽപ്പര്യമുള്ള കുട്ടികൾക്ക് പങ്കെടുക്കുന്നതിനായി വിദ്യാലയ പ്രവൃത്തി പരിചയമേള നടത്തുന്നു. | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ<br>പ്രവൃത്തി പരിചയ മേള കൺവീനർ | |

| | | | | |
|---|---|---|---|---|
| സ്കൂളിലെ മേളയിൽ വിദ്യാർത്ഥി പ്രകടനം | സ്കൂളിലെ പ്രവൃ-ത്തി പരിചയമേള യിൽ പങ്കെടുക്കു ന്നതിനായി പ്രേര ത്തരെ ഉൾപ്പെടുത്തി ഒരു ദിനചര്യയെ സംഘടിപ്പിക്കുന്നു. ഇതിലൂടെ സ്കൂളി യിൽ വികസ്വ ചെയ്യുന്ന കാഴ്ച വെക്കാൻ സാധിക്കുന്നു | സെപ്റ്റം ബർ നവംബർ | ക്ലാസ് ടീച്ചർ പ്രവൃത്തി പരിചയ മേള കൺ വീനർ | |

# ആരോഗ്യകായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉണ്ടാക്കുക.
* ക്ലാസിനെ മാലിന്യമുക്തമാക്കുക, വൃത്തിയാക്കുക.
* ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തുക.
* മെച്ചപ്പെട്ട ഭക്ഷണം നൽകുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്പോർട്സ് ക്ലബ്ബ് രൂപീകരണം | • ഓരോ ക്ലാസ്സിൽ നിന്നും നാല് വീതം കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്പോർട്സ് ക്ലബ്ബ് രൂപീകരണം<br>• സ്പോർട്സ് ക്ലബ്ബിന്റെ ചുമതലയിൽ സ്പോർട്സ് കിറ്റ് എല്ലാ ക്ലാസ്സിലും ടൈം ടേബിൾ പ്രകാരം നൽകുന്നു. | ജൂൺ മുതൽ | സ്പോർട്സ് കൺവീനർ | |

| | | | | |
|---|---|---|---|---|
| കുട്ടികളിലെ കായികാരോഗ്യം കാക്കൽ | പി.ഇ.ടി പിരീയഡിൽ കുട്ടികൾക്ക് മാസ്റ്ററിൻ നൽകുന്നു. വിവിധ കളികളിൽ പരിശീലനപ്പെടാനും കളിക്കാനുമുള്ള അവസരം<br>• സുംബ ഡാൻസ് | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>സ്പോർട്സ് കൺവീനർ | |
| സ്കൂൾ കായിക മേളയിൽ പങ്കെടുക്കാനുള്ള അവസരം നൽകൽ | വിദ്യാർത്ഥികളെ നാല് ഗ്രൂപ്പാക്കുന്നു ശേഷം അധ്യാപകരെ ഓരോ ഗ്രൂപ്പിലേക്കും ചാർജ് ചെയ്തുകൊണ്ട് കുട്ടികളെ സ്കൂൾ കായിക മേളയിൽ പങ്കെടുപ്പിക്കുന്നു ഇതിലൂടെ സ്കൂൾ കായികമേള മെച്ചപ്പെട്ട രീതിയിൽ നടത്തുന്നു | സെപ്തംബർ മുതൽ | ക്ലാസ് ടീച്ചർ<br>സ്പോർട്സ് കൺവീനർ | |
| സബ്ജില്ല കായിക മേളകളിൽ പങ്കെടുക്കാനുള്ള അവസരം നൽകൽ | സ്കൂൾ കായിക മേളയിലെ മികച്ച കുട്ടികൾക്ക് പ്രഗത്ഭരായ കായിക അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകുന്നു ഇതിലൂടെ സബ്ജില്ലയിൽ മികച്ച പ്രകടനം സാധ്യമാക്കാനുള്ള അവസരം ലഭിക്കുന്നു | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ<br>സ്പോർട്സ് കൺവീനർ | |

# ഐ.സി.ടി

ലക്ഷ്യങ്ങൾ

. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

. അറിവുനിർമ്മാണ പ്രക്രിയയിൽ ഐ.സി.ടി സാധ്യത ഉറപ്പാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ | കളിപ്പെട്ടി വിതരണം ചെയ്യുന്നു. കളിപ്പെട്ടി പരിചയപ്പെടുത്തുന്നു സാങ്കേതികമായി ടൈപ്പിംഗ് രീതിയിൽ പ്രകാരം ക്ലാസ്സുകൾ നടത്തുന്നു ടൈം ഷെഡ്യൂൾ നിർമ്മാണം നടത്തുന്നു. (ടൈപ്പിംഗ്, ചിത്രരചന) പരിശീലനം നൽകുന്നു ഐ.ടി മേളയിൽ കുട്ടികൾക്ക് അനുയോജ്യമായവ ശകൾ, ഡിജിറ്റൽ പെയിന്റിംഗ്, ഐടി ക്വിസ്, മലയാളം ടൈപ്പിംഗ് ഇവയിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. ഭാഷാപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും മറ്റ് വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഐ.സി.ടി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

...ബി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | class | Time | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ...ഭാഷയിൽ ...മാനത്തോട് ...ക്കുന്ന അറബി ...പഠിക്കാനും ...ടെ സംസാരി- ...ക്കുവാൻ കഴിവ് ...ികളിൽ വികസി- ...പ്പിക്കുക | * ഒന്നാം ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക.<br>* അക്ഷരങ്ങൾ ഉറപ്പി-ക്കൽ<br>* വാചകങ്ങൾ നിർമ്മി-ക്കൽ. | 1-4 | June July | Class Arabic Teacher | |
| ...വായനയിലൂടെയും ...ങ്ങളിലൂടെയും ...ഭാഷാ ശേഷി ...ർദ്ധിപ്പിക്കുന്ന- ...തോടൊപ്പം സാഹിത്യ ...അഭിരുചി വളർത്തി- ...ടുക്കുക. | വായനാവസന്തം<br>വായനാവാരം<br>ക്ലാസ് ലൈബ്രറി<br>വായനക്കുറിപ്പുകൾ<br>അറബിക് പത്രവായന<br>റേഡിയോ | 1-4 | June – March | Arabic Teacher | |
| ...ആസ്വാദനം വിവിധ ...ങ്ങളിലൂടെയും ...വകയും ...ഭാഷാ പഠനപ്രക്രി- ...യിലൂടെ ഉറപ്പു- ...വരുത്തുക. | ഉത്സവങ്ങൾ<br>കയ്യെഴുത്തുകൂട്ടം<br>പതിപ്പുകളുടെ നിർമ്മാണം<br>ചുമർപത്രങ്ങൾ<br>വായനാ കുറിപ്പ് ശേഖരണം<br>പോസ്റ്ററുകൾ<br>ഭാഷാ കളികൾ | 1-4 | June – March | Arabic Teacher | |
| ...ഭാഷാ പഠനത്തിൽ ...ഐ.ടി. യുടെ ...സാധ്യതകൾ ...പ്പെടുത്തി വികസി- ...പ്പിക്കാനുള്ള കഴിവ് ...ികളിൽ സൃഷ്ടി- ...ക്കുക | അറബിക് ക്വിസുകളിലൂടെ<br>ഭാഷാ പ്രയോഗം<br>അറബിക് ഗാനം<br>(ശ്രവണം, സംസാരം).<br>അറബിക് അസംബ്ലി.<br>സ്മാർട്ട് ക്ലാസ് റൂം.<br>ഭാഷാ ക്ലബ്, ICT books | 1-4 | June – March | Arabic Teacher | |

* തെന്നാലി രാമൻ സാഹിത്യ ശേഖരണങ്ങൾ
* ചിത്രീകരണങ്ങൾ
* തുടർലേഖനങ്ങൾ
* ഭാഷാജ്ഞാന മികവ്

## SRG ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | Class | Time | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| SRG ശാക്തീകരണം | ഫലപ്രദമായ SRG നടത്തിപ്പ്<br>ചുമതല വിഭജനങ്ങൾ<br>മോണിറ്ററിംഗ്<br>ഫലപ്രദമായ രേഖപ്പെടുത്തൽ സംവിധാനം<br>സ്കൂൾ കലണ്ടർ തയ്യാറാക്കൽ | | June മുതൽ march | HM, മറ്റ്. staff | 2000 PTA |

## CPTA, MPTA, SMC ശാക്തീകരണം

| | | | | | |
|---|---|---|---|---|---|
| CPTA, MPTA, SMC ശാക്തീകരണം | * നടത്തിപ്പിലെ മാർഗ്ഗരേഖ തയ്യാറാക്കൽ<br>രക്ഷിതാക്കളുടെ പങ്കാളിത്തം ഇടപെടൽ ഉറപ്പാക്കൽ<br>മികവ് അവതരണം<br>ക്ലാസ്തല PTA<br>ബോധവൽക്കരണ ക്ലാസുകൾ | | June മുതൽ March | HM, class Teachers രക്ഷിതാക്കൾ | 2000 PTA |

# LSS പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | Class | Time | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| L.SS. നേടിയെടുക്കൽ | നാലാം ക്ലാസ്സിലെ മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ | 4 | ജൂൺ മുതൽ | നാലാം ക്ലാസ്സ് അധ്യാപകർ SRG കൺവീനർ | 3000 PTA |
| | ഡിജിറ്റൽ ക്ലിപ്പുകൾ | | | | |
| ഡിജിറ്റൽ ക്ലിപ്പുകൾ പഠനത്തിലേക്ക് | ഷൂട്ടിംഗ്<br>ഡോക്യുമെന്റേഷൻ<br>അക്കാദമിക് സാധ്യതകൾ ഉപയോഗപ്പെടുത്തൽ<br>ലോക്കൽ റിസോഴ്സ് ഉപയോഗപ്പെടുത്തൽ | | July മുതൽ ഫെബ്രുവരി | class Teacher | 3000 RS PTA [illegible] |
| | സ്കൂൾ വാർത്താവിനിമയ സംവിധാനം | | | | |
| വാർത്താ വിനിമയ സംവിധാനം ഉപയോഗപ്പെടുത്തൽ | വാർത്താ ബോർഡുകൾ ഏർപ്പെടുത്തൽ<br>ഓഡിയോ സംപ്രേഷണം<br>ക്ലാസ്സിലെ വാർത്താ പത്ര നിർമ്മാണം. | | June March | class Teacher | 2000 PTA പങ്കാളിത്തം |
| | അസംബ്ലി | | | | |
| *അസംബ്ലി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസം അസംബ്ലി നടത്തുന്നു. അതിൽ ഒന്ന് English അസംബ്ലി. | | June March | HM class Teacher. | |